# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 310 — 24.02.2016-ൽ മറുപടിക്ക്.

## കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | : (എയും, ബിയും) ഉണ്ട്. Victim Compensation Scheme -2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24.02.2014 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.<br>ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്<br>I. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക<br>II. Cr.P.C സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക<br>III. സംഘടനകളിൽ നിന്നും, വ്യക്തികളിൽ നിന്നും, ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.<br>IV. വിവിധ സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നുമുള്ള സംഭാവനകൾ<br>ഈ സ്കീമിന്റെ നിയന്ത്രണവും, ഭരണവും, ഒപ്പം പുരോഗതി വിലയിരുത്തുന്നതിനുമായി ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. |

ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary, Kerala State Legal Services Authority' യ്ക്കാണ് നൽകിയിരിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി 10.08.2015 ലെ സർക്കാർ ഉത്തരവ് 7284/2015/ധന പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും ചീഫ് കൺട്രോളിംഗ് ഓഫീസറായ സ്റ്റേറ്റ് പോലീസ് മേധാവി 30 ലക്ഷം രൂപ **Kerala State Legal Services Authority** യ്ക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകി തുടങ്ങിയിട്ടുണ്ട്.

Rema.V

സെക്ഷൻ ഓഫീസർ